72480 (Pages : 2) Name..................................

Reg. No..............................

# THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2014

(UG–CCSS)

Malayalam—Core Course

MA 3B 04—നാടകം

(NATAKAM)

[2011 Admission onwards]

Time : Three Hours Maximum : 30 Weightage

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് ¼ :

(A) ഒറ്റ വാക്കിൽ ഉത്തരം എഴുതുക :

1 നാട്യശാസ്ത്രത്തിന്റെ കർത്താവാര് ?

2 എൻ.എൻ. പിള്ള സ്ഥാപിച്ച നാടക കലാസമിതി ഏത് ?

3 ബിശ്വനാഥ് ഭട്ടാചാര്യ 'ഊരുഭംഗ'ത്തെ ഏത് യവന നാടകവുമായിട്ടാണ് താരതമ്യപ്പെടുത്തിയത് ?

4 എപ്പിക് തിയേറ്റർ പ്രവണതയുള്ള മലയാള നാടകം ഏത് ?

(B) ബ്രാക്കറ്റിൽനിന്നും ശരിയുത്തരം എടുത്തെഴുതുക :

5 കെ.പി.എ.സി.യുടെ ആദ്യനാടകം :

(അശ്വമേധം, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, എന്റെ മകനാണ് ശരി.)

6 മലയാളത്തിലെ ഇബ്സൻ എന്നറിയപ്പെടുന്നതാര് ?

(ജി. ശങ്കരപ്പിള്ള, എൻ. കൃഷ്ണപിള്ള, തോപ്പിൽ ഭാസി.)

7 സുഘടിത നാടകങ്ങളുടെ ഉപജ്ഞാതാവ് :

(ഇബ്സൻ, സ്ട്രിൽബർഗ്, യൂജിൻസ്ക്രൈബ്.)

8 മലയാളത്തിലെ ആദ്യത്തെ സ്ത്രീപക്ഷ നാടകം :

(ഓരോരോ കാലത്തിലും, അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്, തൊഴിൽ കേന്ദ്രത്തിലേക്ക്.)

(C) പൂരിപ്പിക്കുക :

9 ———— ആവിഷ്കരിച്ച നാടകവേദിയാണ് 'ദരിദ്ര നാടകവേദി'.

10 ഭാസനാടക ചക്രത്തിലെ പത്താമത്തെ നാടകമാണ് ————.

Turn over

11 മിസ്റ്ററി പ്ലേയ്സ് പ്രതിനിധീകരിച്ചിരുന്നത് ———— കഥകളെയാണ്.

12 തീബ്സിനെ ബാധിച്ചിരുന്ന ദുർദേവതയാണ് ————.

(12 × ¼ = 3 weightage)

II. എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് 1 :

13 മതത്തിൻെറ പിറവി എന്തിനുവേണ്ടിയായിരുന്നു ?

14 പാഷൻ പ്ലേയ്സിൻെറ ഇതിവൃത്തമെന്ത് ?

15 'നാമൊന്നു ചിന്തിതം. കാര്യം ദൈവമന്യത്ര ചിന്തയേൽ'—വക്താവാര് ? സൂചിതമെന്ത് ?

16 അന്യവല്ക്കരണം എന്നാലെന്ത് ?

17 പൈത്തോസിലെ ആദിത്യക്ഷേത്രത്തിൽനിന്ന് ക്രിയോണിന് ലഭിച്ച കല്പനയെന്ത് ?

18 പ്രവേശകം എന്നാലെന്ത് ?

19 "അന്ന് ഈ എമ്പോക്കികൾ നമ്മെ പൂ നുള്ളിയിട്ട് പൂജിക്കും"—ആരുടെ വാക്കുകൾ സന്ദർഭമേത് ?

20 'പോരിനാൽ ഫലമെന്തിനി ?'—വക്താവാര് ? ഇങ്ങനെ പറയാൻ കാരണമെന്ത് ?

21 "നിങ്ങൾ ഭീരുവായരുന്നു. ഈ ലോകം ഭീരുക്കൾക്കുള്ളതല്ല"—വക്താവാര് ? ഈ വാക്കുകളിലെ പൊരുളെന്ത് ?

(9 × 1 = 9 weightage)

III. അഞ്ചു ചോദ്യങ്ങൾക്ക് ഓരോ ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക :

22 'തൊഴിൽ കേന്ദ്രത്തിലേക്ക് ' എന്ന നാടകത്തിൻെറ ഉദ്ദേശ്യമെന്തായിരുന്നു ?

23 "രീതിയേതായാലും മനുഷ്യൻ കടക്കാരനായാൽ മതിയെന്നാ"—ഈ വരികളിലെ ധ്വനിയെന്ത് ?

24 സ്റ്റേജ് നാടകവും റേഡിയോ നാടകവും തമ്മിലുള്ള വ്യത്യാസമെന്ത് ?

25 "ശരിയാണ് തൊട്ടിൽ മുതൽ ഞാനാ കളങ്കം വഹിക്കുന്നുണ്ട് ആര് ?"—കളങ്കമെന്ത് ?

26 "എൻെറ ഏതു വലിയ പുസ്തകത്തെക്കാളും ഇതിനു വിലയുണ്ട് "—ഏതിനെക്കുറിച്ചാണ് ഈ പരാമർശം ? സന്ദർഭമേത് ?

27 'കരയാനെന്തിതിൽ ക്ഷത്രിയേ, നീ'—ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

28 'അപ്പമരം' എന്ന നാടകത്തിനൊടുവിൽ കുട്ടികൾ ആരെയാണ് ആനയിച്ചു കൊണ്ടുവരുന്നത് ? പ്രവൃത്തിയുടെ സാംഗത്യമെന്ത് ?

(5 × 2 = 10 weightage)

IV. ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉപന്യാസം തയ്യാറാക്കുക. ഓരോന്നിനും വെയിറ്റേജ് 4 :

29 വൈരം പശ്ചാത്താപമായി കലാശിക്കുന്നതിൻെറ കഥയാണ് 'ഊരുഭംഗം'—സമർത്ഥിക്കുക.

30 പ്രശ്നനാടകത്തിൻെറ പ്രത്യേകതകൾ 'കന്യക'യിൽ എത്രത്തോളമുണ്ടെന്ന് പരിശോധിക്കുക.

31 മനുഷ്യനു മാറ്റാൻ കഴിയാത്തതായി ഒന്നുമില്ല എന്ന് 'സമതലം' എന്ന നാടകം സമർത്ഥിക്കുന്നതെങ്ങനെ ?

(2 × 4 = 8 weightage)